# കഥയില്ലായ്മയുടെ കത്തുകൾ

—സി. കെ. മൂസ്സതു്

സർദാർ കെ. എം. പണിക്കർക്കു് മഹാകവി വള്ളത്തോൾ അയച്ച ഇരുനൂറിലധികം കത്തുകൾ നാലുവർഷം മുമ്പു് സർദാറിന്റെ ഭാഗിനേയനും പ്രസിദ്ധ സാഹിത്യകാരനുമായ കാവാലം നാരായണപ്പണിക്കർ പ്രസിദ്ധപ്പെടുത്തിയിരുന്നു; ഞാനീയിടെയാണു് അതു് കണ്ടതും താല്പര്യത്തോടെ വായിച്ചു നോക്കിയതും. കേരളത്തിൽ പഴയകാലത്തു് കവികൾ തമ്മിൽ ശ്ലോകങ്ങളിൽ കത്തിടപാടു് നടത്തുന്ന പതിവുണ്ടായിരുന്നു. ആദ്യകാലത്തു് സംസ്കൃതത്തിലായിരുന്നു കത്തിടപാടു്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ എന്നിവർ അന്യോന്യമയച്ച ശ്ലോകക്കത്തുകൾ സംസ്കൃതത്തിൽ തന്നെയായിരുന്നു. കൊ. വ. 1067 മുതൽ 1088-ൽ കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ മരണം വരെ വലിയകോയിത്തമ്പുരാനും കുഞ്ഞുക്കുട്ടൻ തമ്പുരാനും തമ്മിൽ നടത്തിയ കത്തിടപാടുകൾ 'രണ്ടു രാജകവികളുടെ മൈത്രി' എന്ന തലക്കെട്ടിൽ എം. ആർ ബാലകൃഷ്ണവാര്യർ, എം. എ. വിദ്യാഭിവർദ്ധിനി കനകജൂബിലി പ്രശസ്തി പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ചന്ദ്രിക ലക്ഷണാസംഗം തുടങ്ങിയ നാടകങ്ങൾ രചിച്ചതിനെപ്പററി, കോട്ടയത്തു നടന്ന കവിസമാജ യോഗനടപടികളുടെ സവിശേഷതയെപ്പററി, വിവിധ ഭാഷാപോഷിണി സഭാനുഭവങ്ങളെപ്പററി, അങ്ങിനെ സാഹിത്യപ്രാധാന്യമുള്ള കത്തുകളാണവയെല്ലാം. തന്റെ മാസികകൾക്കു് ലേഖനസഹായം അഭ്യർത്ഥിച്ചുകൊണ്ടും രാമായണ വിവർത്തനം വാങ്ങാൻ ആൾക്കാരെ കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും വള്ളത്തോൾ മഹാകവി ഉള്ളൂരിനു് ശ്ലോകക്കത്തുകൾ അയച്ചതു് ജീവചരിത്ര ഗ്രന്ഥത്തിൽ ഉദ്ധരിച്ചുകണ്ടിട്ടുണ്ടു്. കാലടി രാമൻ നമ്പ്യാർ വള്ളത്തോളിനു് എഴുതി, ചിത്രയോഗം, മഹാകാവ്യത്തിന്റെ ഒരു കോപ്പി അയച്ചുകൊടുക്കാൻ. അതിനു മഹാകവി അയച്ച മറുപടി പത്തു ശ്ലോകങ്ങളായിരുന്നു.

എൻ ചിത്രയോഗ കൃതിതൻ പ്രതിയൊന്നു, കാവ്യ-
സഞ്ചിന്തനോത്സുക, ഭവാനു തരുന്ന തിങ്കൽ
കിഞ്ചിന്നിവൃത്തി പഥമിപ്പൊഴതില്ലി, തെന്റെ
നെഞ്ചിൽക്കനത്ത ശിലപോലെയിരുന്നിടുന്നു!
ജ്ഞാനാംബുധേ, സദയമമ്പതു പുസ്തകങ്ങൾ
താനാപ്രസാധകരെനിക്കു് തരായ്കയില്ല
നാനാസുഹൃത്തുക്കളെതപ്പടി കൈക്കലാക്കി
ഞാനാരൊടെന്തു തടവെങ്ങനെ ചൊല്ലിടുന്നു ?

കോപ്പിയൊന്നും തല്ക്കാലം അയക്കാൻ പററാത്ത നിലയാണെന്നു് വിലപിച്ചശേഷം താൻ നടത്തിവന്ന ഒരു പോഷിണി മാസികയുടെ പ്രചാരത്തിനുവേണ്ടി സഹായങ്ങൾ ചെയ്യണമെന്ന അഭ്യർത്ഥന അങ്ങോട്ടു നടത്തിയാണാ കത്തു സമാപിച്ചതു്.

എൻ പത്രമൊന്നവിടെ വാങ്ങുകിലെന്തുനല്ല
സമ്പന്നർ നിങ്ങൾ; വരി നാലരരൂപമാത്രം
തൻപക്ഷ സംസ്ഥരെയുമങ്ങു വഴിപ്പെടത്താ-
നൻപല്ലമങ്ങയുടെ ചേതസി തോന്നിടേണം.

രാമാനുജൻ മാസികയ്ക്കു് ലേഖന സഹായവും മററും ആവശ്യപ്പെട്ടു് വള്ളത്തോൾ ഉള്ളൂരിനെഴുതിയ കത്തു പ്രസിദ്ധമാണു്.

ആ മാതിരിയ്ക്കിവിടെ ഞങ്ങളടിച്ചുവിട്ട
രാമാനുജൻ പുതിയമാസിക കിട്ടിയില്ലേ
ധീമാൻ ഭവാനതു മുഴക്കനെ നോക്കിയില്ലേ
സാമാന്യമൊക്കെ രുചിദായകമായതുണ്ടോ ?
പത്രാസുകൊണ്ടു നിലവിട്ടിഹ ഞാനിതിന്റെ

# KERALA NUT FOOD Co.,

**Exporters of:-** CASHEW KERNELS/CASHEW-NUT SHELL LIQUID/COFFEE

**P. O. Box No. 80, Parameswarnagar,**
**Quilon-691001, S. India.**

Codes Used:
Bentley's Second Phrase
Acme and Pirvate

Phones: Office: 3776, 3777, 3778.
Telex: 0886-203 KNF IN
0886-263 PEPL IN

റബ്ബർ കൃഷിക്കാരറിഞ്ഞിരിക്കേണ്ട സർവ്വ
വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട്
1965 മുതൽ റബ്ബർ ബോർഡു പ്രസി
ദ്ധീകരിക്കുന്ന മലയാളമാസിക

# റബ്ബർ

(വാർഷിക വരിസംഖ്യ 5 ക.)

സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം–1

എന്ന മേൽവിലാസത്തിൽ പണമടച്ച്
വരിക്കാരാകുക

*Best Compliments from*

# BHIMA AND BROTHER

JEWELLERS & DIAMOND MERCHANTS

**KOTTAYAM-686001**

Tele | Phone: 2518, 2656
Gram : STERLING

# രാമൻ & കമ്പനി

വലിയങ്ങാടി, പാലക്കാട്

ജന്മഭൂമിക്ക് ഓണാശംസകൾ

...ത്രാധിപത്യവുമെടുത്തു തലസ്ഥകേററി
മിത്രാഗ്ര്യരാകിയ ഭവാദൃശർ താങ്ങി
യെന്നാ–
ലുരംത്രാസമില്ലടിപിഴച്ചു വീഴാതെ
നിൽക്കാം.

ഇക്കത്തുകിട്ടിയയുടൻ മടിയാതെ രണ്ടാം
ലക്കത്തിലേക്കരിയ ലേഖനമൊന്നയക്കു
തക്കത്തിൽ മററുവഴിയായ സഹായവും
തെല്ലുരംക്കത്തലിങ്ങു മുടിയുംപടി
ചെയ്യുമല്ലോ.

മററു സഹായമെന്താണെന്നു പറയേണ്ടതില്ല ആത്മപോഷിണി കാര്യത്തിൽ കാലടി നമ്പ്യാരിൽ നിന്നു പ്രതീക്ഷിച്ചതു് രാമാനുജൻെറ കാര്യത്തിൽ ഉള്ളൂരും 'മുടിയുംപടി' ചെയ്യണമെന്നർത്ഥം. രാമാനുജനു അധികകാലം മുടിയാതെ കഴിഞ്ഞുകൂടാൻ പററിയില്ല എന്നതാണു് വാസ്തവം. രാമായണ തർജ്ജമ മാസികാരൂപത്തിൽ പുറത്തിറക്കാനുള്ള ശ്രമത്തിലായി വള്ളത്തോരം. നാലുറുപ്പികയാണു് വരിപ്പണം. അഞ്ഞൂറു വരിക്കാരെ കിട്ടിയശേഷമേ അച്ചടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുള്ള എന്നെല്ലാം ഒരു ശ്ലോകത്തിൽ വള്ളത്തോരം ഉള്ളൂരിനെ അറിയിച്ചിരുന്നു.

ക്കുറാണ്ടിതിനു കുറെയാളുകരം കൂടണം മുൻ
ക്കുറായ് വരിപ്പണമുറുപ്പിക നാലുവീതം
മാററാതയച്ചതരണം, കുറയാതെവന്ന
ഞ്ഞൂറാളിതേററു പറയുമ്പൊഴുതേ തുടങ്ങു.
രാമാനുജന്നു കരുതുന്നതിൽ ആറിരട്ടി
രാമായണത്തിനു തുണക്കുക നിങ്ങളെല്ലാം
സോമാതി നിർമ്മലയശോധന !
രണ്ടുകൊല്ല
മീ മാസികക്കുവധിയാണു, വിരോധ
മുണ്ടോ ?

പ്രേമപ്രാപ്തിയ്ക്കുതമ്മിൽ പരിചയമുളവാ–
മുന്നമേ സ്വാത്മവാദ
സ്തോമം തൂകുന്ന വല്ലാത്തൊരു കഴവിവനെ
ന്നങ്ങു തോന്നില്ലയല്ലോ
ആമട്ടായുള്ളൊരാളല്ലമലമതിഭവാ
നെന്ന വിശ്വാസമൂലം
കാമംപോലെൻ വിചാരം പലതുമിഹ തുറ
ന്നോതിനേൻ നീതിരാശേ !

ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്ത സ്വകാര്യക്കത്തുകരം, പലവിധ സഹായങ്ങരം പ്രതീക്ഷിച്ചു ഉന്നതസ്ഥാനീയനായ ഒരാരംക്കു് സാമ്പത്തിക പരാധീനതയിൽപ്പെട്ട ഒരാരം അയക്കുന്ന യാചനാ പത്രങ്ങരം, പ്രസിദ്ധീകരിക്കുമ്പോളുണ്ടാകാവുന്ന വൈഷമ്യമെല്ലാം ഉരംക്കൊള്ളുന്നതായിട്ടുണ്ടു്. 203 സ്വകാര്യക്കത്തുകളുടെ പ്രസിദ്ധീകരണം. ആമുഖത്തിൽ കാവാലം അവകാശപ്പെടുന്നതു് എന്തെന്നല്ലേ ? മഹാകവി വള്ളത്തോളിനെ പഠിക്കാൻ ഉദ്യമിക്കുന്ന ഗവേഷകനു്, അദ്ദേഹത്തിലെ മനുഷ്യനെ മനസ്സിലാക്കാനും ഒപ്പം അദ്ദേഹത്തിൻെറ കാവ്യദർശനങ്ങരംക്കു പ്രേരകമായി വർത്തിച്ച സമീപനത്തെ ഗ്രഹിക്കുവാനും ഈ കത്തുകരം ഏറെ സഹായകമാവും. മഹാകവി ഏറെ നാരം ഉള്ളിൽ വിചാരിച്ചുവെച്ച ആത്മകഥാരചന നടക്കാതെ പോയെങ്കിലും ഈ കത്തുകളിലൂടെ അദ്ദേഹം സ്വന്തം കഥകരം സത്യസന്ധമായി വർണ്ണിച്ചിരിക്കുന്നു. അതിനാൽ എഴുതപ്പെടാത്ത ആത്മകഥയുടെ എഴുതപ്പെട്ട പതിപ്പായി ഇവയെ പരിഗണിക്കാവുന്നതാണു്. ഒരുവേള, ആത്മകഥ എഴുതിയിരുന്നെങ്കിൽക്കൂടിയും, ഈ കഥകളിലെ കലവറയില്ലാത്ത ശബ്ദം അങ്ങനെതന്നെ നമുക്കു കേരംക്കാൻ കഴിയുമായിരുന്നോ എന്നു സംശയമാണു്.

ഒന്നാമത്തെ കത്തു് തന്നെ എടുത്തോളു. അതിലെ ആദ്യത്തെ രണ്ടു ഖണ്ഡിക തന്നെ സാമ്പിളായി കാണിക്കാം. ''ഞാൻ നാലുദിവസങ്ങരംക്കു മുമ്പേ തിരുവിതാംകൂറിൽ നിന്നു തിരിച്ചെത്തിയപ്പോഴാണു നിങ്ങളുടെ പതിനൊന്നാം തീയതിയിലെ എഴുത്തുകണ്ടതു്.

ഞങ്ങരം തിരുവനന്തപുരത്തിന്നിപ്പുറം പല നാട്ടുമ്പുറങ്ങളിലും കൂടി സഞ്ചരിക്കുകയുണ്ടായി. മിക്ക ദിക്കുകളിലും 'ഇനിയത്തെ ദിവാൻ കെ. എം. പണിക്കർ തന്നെ' എന്നൊരു സംസാരം–ഒരു സസന്തോഷമായ മന്ത്രിക്കൽ–നടക്കുന്നുണ്ടു്. ഈ ലോകവാദം വാസ്തവമായി വരേണമെന്ന ആഗ്രഹം എനിക്കു്; ഇതിലേറും നാലപ്പാടനു്. അയാരംക്കു നിങ്ങളുടെ അതിഥിയായി 'ഭക്തിവിലാസം' എന്ന രമ്യഹർമ്മ്യത്തിൽ നാലുദിവസം താമസിച്ചേ കഴിയൂ പോൽ ! ''

രണ്ടാമത്തെ കത്തിലെ രണ്ടുവാക്യങ്ങരം കേട്ടോളു. 3-ാംനു-ത്തെ എഴുത്തു ഇന്നലെ കിട്ടി. എനിക്കീയിടെയായി ശരീരസുഖം ചുരുങ്ങിയിരിക്കുന്നു. ക്ഷീണവും വളരെയുണ്ടു്. മലദ്വാരത്തിനടുത്തുണ്ടായ ഒരു കുരുവിനാണു് ശസ്ത്രക്രിയ ഉണ്ടായതു്. അതിൻെറ ഉപദ്രവമെല്ലാം പത്തുദിവസംകൊണ്ടു ശമിച്ചു.

Grams: VADHYAR
SHOP 31690
PHONE: 36316
RES 32185
RES 34480

# S. N. VADHYAR & SONS

**IRON & STEEL MERCHANTS**
JEWS STREET, ERNAKULAM
COCHIN-682011

Wholesale and Retail Dealers in all Categories of Iron & Steel Materials

*With best compliments from:-*

## BROTHERS SAW MILLS

P. O. PULINELLI-KOTTAYI

PALGHAT

Phone: Kottayi-39

## Plan your Future.................

**The 'ANANTHA' way**

The only way to assure yourself a regular income for all times to come!

**When all your sources seem to be drying out and your future looks bleak, there is one that you can rely on: ANANTHA**

Contribute Rs. 100/- monthly for 84 months and we will pay you Rs. 100/- monthly FOREVER!

**ANANTHA DEPOSIT SCHEME**

**KARNATAKA BANK LIMITED**

Head Office: Mangalore-575 003

*With best compliments from:-*

Telephones Office: 306, Mundur. Resi: 22191.

PIONEER TEXTILE INDUSTRIES,
PUZHAKKAL. P. O.
TRICHUR-680 551.
SPECIALIST IN WHITE CEDAR PIRNS.

ത്ര സാരമുള്ളതല്ലായിരുന്നു. ഇതെങ്ങ യാണു മുൻകൂട്ടി അറിയിക്കുക ?

പല കത്തുകളുടെയും ഉള്ളടക്കം തന്റെ മക്കൾക്കും ജാമാതൃസ്ഥാനാർത്ഥികൾക്കും ഉദ്യോഗം കൊടുക്കാനുള്ള അഭ്യർത്ഥനയാണ്. ചിലതിലെല്ലാം വള്ളത്തോൾ ഗ്രന്ഥാലയ നിർമ്മാണത്തിനുവേണ്ടിയും കലാമണ്ഡലം മരാമത്തിനുവേണ്ടിയും പണമാവശ്യമാണെന്നും അതു നേരിട്ടോ ഉത്തരേന്ത്യൻ മഹാരാജാക്കന്മാർക്കു ശുപാർശ കത്തുകളയച്ചോ സാധിച്ചുകൊടുക്കണമെന്നുള്ള ആവർത്തിച്ചുള്ള യാചനയാണ്. അതിനു പശ്ചാത്തലമൊരുക്കാനോ എന്നുതോന്നുമാറ് സർദാർപണിക്കരുടെ സാഹിത്യസൃഷ്ടികളെക്കുറിച്ചുള്ള പ്രശംസയും വിമർശിക്കുന്നവരെപ്പററി ദുസ്സൂചനകളടങ്ങുന്ന പരിഹാസവും കാണാം. സർദാർ പണിക്കരുടെ ഭീഷ്മർ എന്ന നാടകത്തെപ്പററിയും കല്യാണമൽ എന്ന നോവലിനെപ്പററിയും എഴുതിയിരിക്കുകയാണ് വള്ളത്തോൾ, ''താങ്കളുടെ ഭീഷ്മർ'' എന്ന നാടകവും ഒരു മാസത്തിനുമുമ്പേ ഞാൻ സകൗതുകം വായിച്ചു. വീരരസത്തിനനുഗുണമായ പ്രൗഢിയും ഓജസ്സും ഈ ദൃശ്യകാവ്യത്തെ ഉൽകൃഷ്ടകോടിയിലെത്തിച്ചിരിക്കുന്നു. എന്നാൽ താങ്കൾ ഇന്നുവരെ എഴുതിയിട്ടുള്ള കൃതികളിൽവെച്ചു മികച്ചതേതാണെന്നു എന്നോടാരെങ്കിലും ചോദിച്ചാൽ എന്റെമറുപടി, 'കല്യാണമൽ' എന്നായിരിക്കും. മലയാണ്മയിൽ മാർത്താണ്ഡവർമ്മയ്ക്കുള്ള സ്ഥാനം ഏതോഅതിന്നടുത്ത സ്ഥാനം ഈ ആഖ്യായികയ്ക്കാണെന്ന്തീർച്ചപറയാം. ആ്ഗുൽനാര'യെ വരച്ച താങ്കളുടെ തൂലികയെ നിർമത്സരന്മാരായ സഹൃദയന്മാരൊക്കെ എന്നെന്നും മാനിയ്ക്കും. ഇതൊരു മുഖസ്തുതിയാണെന്നു കരുതിഷയക്കരുതേ''

ഒരുകാര്യം എനിയ്ക്ക് തീർച്ചയായുംപറയാം. കല്യാണമൽ എന്നതിനെക്കുറിച്ചു വലിയമതിപ്പൊന്നും എനിയ്ക്കു തോന്നിയിട്ടില്ല. ഇൻറർമീഡിയററിന് ടെക്സ്റ്റായി പഠിച്ച ഓർമ്മയുണ്ട്. കുട്ടികൃഷ്ണമാരാർ ഒരു ലേഖനത്തിൽ സർദാർ പണിക്കരെ പരിഹസിച്ചു എഴുതിയിരുന്നുവത്രേ. അതിൽ തനിക്കുപങ്കില്ലെന്നും ഉപനിഷത്തടക്കമുള്ള വിശിഷ്ടകൃതികളെ പരിഹസിക്കലാണ് അദ്ദേഹത്തിന്റെ ഹോബിയെന്നുകൂടി സൂചിപ്പിച്ചിരിക്കയാണ്. തൊട്ടുമുമ്പയച്ചകത്തിൽ ആ ഭാഗം ഉദ്ധരിക്കട്ടേ.

മാരാർ താങ്കളെ കളിയാക്കിയതു്എന്റെ ആജ്ഞയാലോ അനുമതിയോടുകൂടിയോ ആണെന്നു്, എത്രപേർ പറഞ്ഞുണ്ടാക്കിയാലും അതു് വിശ്വസിപ്പാൻ തക്കബുദ്ധിഹീനനല്ല താങ്കളെന്നു് എനിക്കു തികച്ചും അറിയാം. പരമസ്നേഹിതാ! വള്ളത്തോൾ അന്നും ഇന്നും വള്ളത്തോൾ തന്നെയാണ്. താങ്കളെ മാത്രമല്ല മാരാർ അപഹസിച്ചിട്ടുള്ളതു്. (ഉപനിഷത്തുകളെപ്പോലും പരിഹസിച്ചിട്ടുണ്ട്!)

ഒരല്ലലില്ലെങ്കിലെററിക്കുകല്ലാ–
യിരിക്കുവാൻ കൂടിയുമില്ലദണ്ഡം.
മരിച്ചിടും മർത്ത്യതയെന്തിനാണു–
കരഞ്ഞിടാനും കരയിച്ചിടാനും!

എന്ന മനോഹരോദാരമായ ശ്ലോകത്തെ എടുത്തുകാട്ടി തൽകർത്താവായ കേശവനേയും (കുററിപ്പുറത്തു് കേശവൻനായർ) വൃന്ദാവനത്തിൽ ഒരു പിഞ്ചുപുല്ലായിപിറക്കാവൂ ഞാൻ എന്നിങ്ങനെ അക്രൂരനെക്കൊണ്ടു പറയിച്ചതിനെസ്സൂചിപ്പിച്ച് എന്നെയും പരിഹസിച്ചിട്ടുണ്ട്. എന്നെ കളിയാക്കിയതു സഹിപ്പാൻ മനശ്ശക്തിയുള്ളവനാണ് ഞാൻ, നേരെമറിച്ച് സഹിഷ്ണുത കുറഞ്ഞ കേശവനേയും മററും അപഹസിച്ചു വൃഥാ വൈരം വളർത്തേണ്ടിയിരുന്നില്ല എന്നു ഞാൻ മാരാരോടു ഗുണദോഷം പറയുകയുണ്ടായി. അതിന്നയാൾ പറഞ്ഞമറുപടി ഏതാണ്ടിപ്രകാരമായിരുന്നു. കെ. എം. പണിക്കർ കണ്ണുനീർത്തുള്ളിയുടെ ഇംഗ്ലീഷ് തർജ്ജിമയെ ഇടിച്ചുപറഞ്ഞതു് മഹാരാജാസ് കോളേജ് മാസിക പത്രത്തിന്റെ ഒരു ലക്കത്തിൽ ചേർത്തിരുന്നു. ആ അസൂയാജന്യമായ അഭിപ്രായം മാസിക പത്രത്തിൽ പ്രസിദ്ധീകരിച്ചതു് കേശവൻ നായരുടെ മകനാണ്. അതിനു പ്രതികാരമായിട്ടാണ് പണിക്കരെയും കേശവനെയും അധിക്ഷേപിച്ചിരിക്കുന്നതു്. 'വള്ളത്തോളിനെപ്പററി പറഞ്ഞതു് ഓർക്കാതെയാണ്.'

മാരാരു് എന്താണ് കണ്ണുനീർ തുള്ളിയുടെ അവതാരികയിൽ എഴുതിയതു് ?

മലയാള സാഹിത്യലോകത്തിലാകെ ഒരു മഹാവിക്ഷോഭവും തൽഫലമായി ഒരു ഒരു മഹനീയ പരിവർത്തനവുമുണ്ടാക്കിയ 'പാവങ്ങൾ' അന്നു പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല; എന്നാലും തദ്വിവർത്തകനായ ഈ കവി Mysteries of the Court of London എന്ന സരസാഖ്യായികയുടെ കുറേ ഭാഗവും The Light of Asia എന്ന പുണ്യകാവ്യവും അനുഗതമായി തർജ്ജമ ചെയ്തുവെച്ചതു് അക്കാലത്തെ അജീർണ്ണക്കാരായ സാഹിത്യധുരന്ധരന്മാരെ വെറുപ്പിച്ചതുമൂലം അവരുടെ ദൃഷ്ടിയിൽ

# സന്നിധാനം മാസിക

(തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിദ്ധീകരണം)

## ഒററപ്രതി 1 രൂപ 50 പൈസ

**വാർഷിക വരിസംഖ്യ 15 രൂപ മുൻകൂർ**

**ഏജൻസിക്ക് 25 ശതമാനം കമ്മീഷൻ**

മാനേജിംഗ് എഡിററർ,
സന്നിധാനം മാസിക,
പുത്തൻചന്ത, തിരുവനന്തപുരം.

Phone: Aly. 4335
Ekm. 38654

# SAPCOLAC PAINTS PRIVATE LIMITED

4/161, THOTTAKKATTUKARA

**ALWAYE-683 101**

Now SAPCOLAC has become the synonym for paints and surface Protection Technolgy.

SAP, the Strong Armed protection for surfaces has won the first name in Kerala to produce N. C. group of Paints over its multi ranges of other products.

SAPCOLAC products have become the pride of Kerala.
When you think about paints, you always go for SAPCOLAC.

Ad. Office :
**Mathrussery Building**
**Iyyattu Mukku**
**COCHIN-11**

Factories :
**Edayar Binanipuram**
**Maradu Tripunithura**

ഒരു നല്ല കുട്ടിയല്ലാതാവുക കഴിഞ്ഞിരുന്നു. ആ ഒരു നിലയിലാണ്, അക്കാലത്തെ മിഥ്യാത്മകമായ സാഹിത്യപ്പരപ്പിലേക്ക്, രാത്രിയവസാനിക്കുവോളവും കുടിയും കൂത്തുമായി തിമർത്തു വീണുറങ്ങിയവരുടെ കണ്ണിലേക്കു പുലർകാലപ്രഭയെന്നപോലെ, ഈ കണ്ണുനീർതുള്ളി കടന്നുവന്നതു്. തദാനീന്തനരായ പണ്ഡിതപ്രൗഢന്മാരുടെ മൗഢ്യവും കോപവും എല്ലാ അതിരുകളും വിട്ടു വഴിഞ്ഞൊഴുകി, ആ അന്നത്തെ പരിതസ്ഥിതിയുടെ നേർക്കു് പുതുതായി വരുന്ന പുരുഷാന്തരത്തിനുള്ള പ്രാതികൂല്യത്തെ ഇതിന്റെ ഒന്നാംപതിപ്പിന്റെ അവതാരികയിൽ കെ. എം. പണിക്കർ (എം. എ. ഓക്സൺ) അവർകൾ, "സങ്കേതവസ്തുക്കൾക്കു കവിതയിൽ, ന്യായ്യമായുള്ള സ്ഥാനത്തെപ്പററി തർക്കിക്കുന്നതിനു ഞാൻ തയ്യാറില്ലെങ്കിലും, 'കണ്ണുനീർതുള്ളി'യിൽ കോകങ്ങളെയും അരയന്നങ്ങളെയും എല്ലാം ഒന്നുപേക്ഷിച്ചുകണ്ടതിൽ സന്തോഷമേ ഉള്ളൂ......" എന്നിങ്ങനെ മൂടുപടത്തിനുള്ളിൽ ഒതുക്കിനിർത്തിയിരുന്നതുപോലും പണ്ഡിതലോകത്തിനു ദുസ്വപ്നങ്ങളുണ്ടാക്കി !

ഇനി കുററിപ്പുറത്തിനെപ്പററിയും വള്ളത്തോളിനെപ്പററിയും മാരാർ പറഞ്ഞതും നമുക്കു പരിശോധിക്കാം.

"അറിവുള്ളവർപോലും ദുഃഖവൈവശ്യത്തിൽ ജീവിതത്തെയും മനുഷ്യത്വത്തെയും വെറുത്തു സന്യസിക്കുന്നതും ആത്മഹത്യചെയ്തു കളയുന്നതും ചിലരാകട്ടേ കണ്ണനുണ്ണിയുടെ പാദസംസർഗ്ഗമിച്ഛിച്ച വൃന്ദാവനത്തിലെ പുല്ലായിനിൽക്കാൻ പ്രാർത്ഥിച്ച അക്രൂരനെപ്പോലെ, അദുഃഖത മാത്രം കാംക്ഷിച്ച കല്ലായികിടപ്പാൻ ഇഷ്ടപ്പെടുന്നതായും നാം കാണുന്നു (ആ പുല്ലിനും കല്ലിനുമെല്ലാം, തങ്ങളുടെ മുമ്പിൽ നമസ്കരിക്കുവാൻ ചില ഭക്തന്മാരെയും കിട്ടാതിരിയ്ക്കില്ല!) കണ്ണുനീർകൊണ്ടു കോട്ട പണിതീർത്ത ഈ കവിയാകട്ടെ, സുഖദുഃഖങ്ങൾ രണ്ടും വാസ്തവത്തിൽ ഭിന്നഭാവങ്ങളേ അല്ലെന്നു കരുതുന്ന ആളാകുന്നു."

ഒരുകാര്യം ശരിയാണ്. മാരാർ സർദാർ പണിക്കരെയും കുററിപ്പുറത്തിനെയും വള്ളത്തോളിനെയും ചെറുതായൊന്നു വാരിയിട്ടുണ്ട്. വള്ളത്തോൾ സർദാറിന് എഴുതുന്നതെന്തെന്നല്ലേ? മാരാർ പണിക്കരെപ്പററി എഴുതിയതു് നാലാപ്പാടന്റെ അറിവോടും അനുമതിയോടും കൂടിയാണ്. കുററിപ്പുറത്തിനെയും തന്നെയുംപററിയുള്ള പരാമർശം പിന്നീടു് എഴുതിച്ചേർത്തതും. ഇക്കാര്യം വള്ളത്തോളിന്റെ കത്തിലെ വാക്യംകൊണ്ടു വെളിപ്പെടുത്തുന്നതിങ്ങനെയാണ്. "താങ്കളെപ്പററിയുള്ള ഭാഗം അവതാരികയിലെഴുതിയതു് നാലപ്പാടന്റെ അടുക്കൽവെച്ചു തന്നെയാണ്; കേശവനെയും എന്നെയും സംബന്ധിച്ച ഭാഗം പിന്നീടെഴുതിച്ചേർത്തതാണെങ്കിലും, നാലപ്പാടനെ അറിയിച്ചു അനുമതി വാങ്ങിയതിനുശേഷമാണ് അച്ചടിപ്പിച്ചതു് എന്നു് മാരാർ എന്നോടു് പറയുകയുണ്ടായി. നാലപ്പാടനോടു നേരിട്ടു ചോദിക്കാൻ കഴിഞ്ഞില്ല."

അമ്പത്തിമൂന്നാം കത്തിൽ മാരാർ നാലപ്പാടന്റെ കവിതയെ വള്ളത്തോൾ കവിതയേക്കാളും മെച്ചപ്പെട്ടതായി പറഞ്ഞതിനു യഥാർത്ഥകാരണം ശ്രീ. വി. എം. നായർ വളരെക്കാലം അഞ്ചുറുപ്പിക ശമ്പളംപോലെ മാരാക്കു കൊടുത്തുപോരുന്നതാണ് എന്നുവരെ സൂചിപ്പിച്ചിട്ടുണ്ട്. നൂററിഅറുപതാമത്തെ കത്തിലുംഉണ്ട് നാലപ്പാടന്റെ കഴിവുകേടിനെക്കുറിച്ചു ഒരു സൂചന. "ഇന്നു(17–11–54)രാവിലെ പ്രൊഫ: കെ. ഭാസ്കരൻ നായർ ഇവിടെവന്നു അല്പനേരം സംസാരിക്കുകയുണ്ടായി. അദ്ദേഹം നാലപ്പാടന്റെ ആർഷജ്ഞാനം വായിച്ചിരിക്കുന്നു. അതു് ഒരു 'ദഹിക്കാത്ത' ഗ്രന്ഥമാണെന്നും ഒരു ശാസ്ത്രവും അതിലില്ലെന്നുമാണ് ശ്രീ. ഭാസ്കരൻ നായർ അഭിപ്രായപ്പെട്ടതു്. ശ്രീ. നാരായണപണിക്കരുടെ ഭാഷാചരിത്രപുസ്തകത്തെയും ഭാസ്കരൻ നായർ അത്ര കൊണ്ടാടിയില്ല. എന്നാലും താങ്കൾക്കു പ്രിയപ്പെട്ടതാണെങ്കിൽ ഞാൻ അക്കാഡമിയോടു ശുപാർശ ചെയ്യാൻ മടിക്കയില്ല. അതും ആർഷജ്ഞാനവും ഞാൻ കണ്ടിട്ടില്ല." സർദാർ പണിക്കർക്കു് പ്രിയപ്പെട്ടതെന്തും തനിയ്ക്കു പൂജനീയം എന്നുവരെ പോകുന്ന വിധേയത്വം. ! ദശരഥൻ കൈകേയിയോടു പറഞ്ഞപോലെ, വധ്യനെ അവധ്യനാക്കാനും, അവധ്യനെ വധ്യനാക്കാനും ചെറിയൊരു നേത്രാന്തസാജ്ഞയേ തനിയ്ക്കാവശ്യമുള്ളു എന്ന നിലപാടു്!

മാരാരെപ്പോലെതന്നെ മറെറാരു തലയെടുപ്പുള്ള നിരൂപകനായിരുന്നുവല്ലോ മുണ്ടശ്ശേരി. അദ്ദേഹത്തെക്കുറിച്ചു് 80–ാം നമ്പർ കത്തിൽ എഴുതിയതിങ്ങിനെയാണ്. "ആശാനെ സ്തുതിക്കുക, ഉള്ളൂരിനെ ദൂഷിക്കുക എന്നിവയാണ് മുണ്ടശ്ശേരിയുടെ പതിവു്. ആശാൻ മഹാകവി തന്നെ എന്നു നമുക്കറിയാം. എന്നാൽ

# HANVEEV

**A Name Cennected With Only The Best In Handlooms**
**We offer a wide range of**

**SHIRTING.........SUITING ........SAREES ..... BEDSHEETS.........**
**FURNISHINGS.........READYMADE GARMENTS.........ETC...ETC......**

With 20% Govt. rebate upto 31-8-82

PLEASE VISIT

Hanveev Exhibition
Durbar Hall Ground
ERNAKULAM

Hanveev Showroom
Congress House Junction
ERNAKULAM

Hanveev Apparels
Bharat Tourist Home
ERNAKULAM

KERALA STATE HANDLOOM DEVELOPMENT CORPORATION LTD.
(A Kerala Govt. Company)
P. M. 32/249, Thilleri Road,
Cannanore-670 001

PHONE: 4238
3776

GRAM: HANVEEV

TELEX: 857-238
LOOM-IN

## കണ്ണൂർ ജില്ലാ കേന്ദ്ര സഹകരണബേങ്ക് ക്ലിപ്തം ഹെഡ്ഡാഫീസ്, കണ്ണൂർ

ഫോൺ : 3247

കേന്ദ്രസംസ്ഥാന ഗവണ്മെണ്ടുകളുടെ ഗ്രാമവികസന പദ്ധതികൾ വിജയിപ്പിക്കുന്നതിന്നും, കൃഷിക്കും മററും കൂടുതൽ വായ്പാ സൌകര്യങ്ങൾ നൽകുന്നതിൽ ജനങ്ങൾക്കുള്ള മഹത്തായ പങ്കാളിത്തം അനുസ്യൂതം തുടരുന്നതിന്നുമായി നിങ്ങൾ ഞങ്ങൾക്ക നിക്ഷേപങ്ങൾ നൽകി സഹായിക്കുക.

ആകർഷണീയമായ പലിശനിരക്കുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ ഞങ്ങൾ നിങ്ങൾക്ക് തയ്യാർ ചെയ്തിട്ടുണ്ട്.

നിക്ഷേപങ്ങൾ ഇൻഷ്വർ ചെയ്ത് അവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

നിങ്ങൾക്കിഷ്ടമുള്ള നിക്ഷേപ പദ്ധതി തിരഞ്ഞെടുക്കുവാൻ ജില്ലയിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ 21 ശാഖകളിൽ ഏതെങ്കിലും ഒന്ന് സന്ദർശിക്കുവാനും ഞങ്ങളുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാനും വിനയപൂർവ്വം നിങ്ങളെ ക്ഷണിക്കുന്നു.

കണ്ണൂരിലും തലശ്ശേരിയിലും ഞങ്ങളുടെ സായാഹ്ന ശാഖകളും പ്രവർത്തിക്കുന്നുണ്ട്.

പൊന്നോണം ആഘോഷിക്കുന്ന ഈ വേളയിൽ നിങ്ങൾക്ക കണ്ണൂർ ജില്ലാ കേന്ദ്രസഹകരണ ബേങ്കിന്റെ അകമഴിഞ്ഞ ആശംസകൾ.

## സമ്പാദ്യം അതിലൂടെ സംതൃപ്തി!

സ്വപ്നങ്ങൾ പൂവണിയാൻ
ആഗ്രഹങ്ങൾ സഫലമാകാൻ

അങ്ങനെ നിസ്തുലമായ സേവനത്തിലൂടെ ബാങ്കിംഗ് വ്യവസായത്തിന് പുതിയ മാനങ്ങൾ കണ്ടെത്തിക്കൊണ്ടിരിയ്ക്കുന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് നിങ്ങളെ സഹായിയ്ക്കാൻ ആകർഷകമായ ബഹുമുഖ സമ്പാദ്യപദ്ധതികൾ

**"ധന്യ"   "മുക്തി"   "സുവർണ്ണ"**

നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കറൻറ് അക്കൌണ്ട് | — | ½% |
| സേവിംഗ്സ് ബാങ്ക് അക്കൌണ്ട് | — | 5½% |
| 91 ദിവസം മുതൽ 6 മാസം വരെ | — | 5·5% |
| 6 മാസം മുതൽ 9 മാസം വരെ | — | 6·5% |
| 9 മാസം മുതൽ ഒരുവർഷം വരെ | — | 7·5% |
| ഒരുവർഷം മുതൽ രണ്ടുവർഷം വരെ | — | 8·5% |
| രണ്ടുവർഷം മുതൽ മൂന്നുവർഷം വരെ | — | 9·5% |
| മൂന്നുവർഷത്തിനു മുകളിൽ | — | 10·5% |

ദേശീയ ജീവിതത്തിന്റെ മുഖ്യ ധാരയുമായി ഇഴുകിച്ചേർന്നിട്ടുള്ള സഹകരണ പ്രസ്ഥാനത്തിലെ, ഈ ജില്ലയിലെ കരുത്താർജ്ജിച്ച കണ്ണി—
തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് (ക്ലിപ്തം)

എ. സുലോചനൻ,
ജനറൽ മാനേജർ

പി. വിജയദാസ്,
പ്രസിഡൻറ്

P C K

## THE FOREMOST NAME INPLANTATION FIELD
## THE QUALITY THAT STOOD THE TEST OF TIME

For All Your Requirements In:-
Natural Rubber
Centrifuged Latex
Crumb Rubber
Sheet & Crepe

THE PLANTATION CORPORATION OF KERALA LTD.
(A Government of Kerala Undertaking)
Kottayam-686 004.

TELEX: PCK 0888—207
TELEGRAM: 'PLANTCORP'

PHONES: 8301, 8302
8303, 8304.

അത്തപിടിച്ച് ഉള്ളൂരിന്റെ ഗുണങ്ങളിൽ കണ്ണടയ്ക്കുന്നതു് നിരൂപണധർമ്മത്തിനു് ഉചിതമാകുമോ? ആശാന്റേതിനെകവിച്ചനില്ക്കുന്ന വരികാം ഉള്ളൂർ കൃതികളിൽ കാണം. മനശ്ശാസ്ത്രാനുസരണം പ്രകരണശുദ്ധീകരണം എന്നിവയിൽ രണ്ടുപേരും അത്ര വിജയം നേടിയിട്ടില്ല. മുണ്ടശ്ശേരിക്കു സംസ്കൃതത്തിലും മലയാളത്തിലും കുറെ വ്യുൽപത്തിയുണ്ടു്; എന്നാൽ അതിനു ഉറപ്പും വെട്ടപ്പും പോരാ. ഇംഗ്ലീഷിൽ എങ്ങനയോ ഒരു ഗർവ്വിഷ്ഠത മുണ്ടശ്ശേരിയുടെ ഉപന്യാസങ്ങളിൽ മിക്കതിലും സ്ഫുരിക്കും. ഇങ്ങനെയൊക്കെയാണു് മുണ്ടശ്ശേരിയുടെ നില. സാധാരണ കത്തോലിക്കരുടെ സ്ഥിതി നോക്കുമ്പോൾ ഈ കത്തോലിക്കനെ രസികൻ എന്നുപറയാം. ഈയാളുടെ കണ്ണുനീർത്തുള്ളി നിരൂപണം മംഗളോദയത്തിൽ വായിച്ചില്ലയോ? ''

82-ാമത്തെ കത്തിൽ മുണ്ടശ്ശേരിയുടെ മാററൊലിയെപ്പററി ഇങ്ങിനെ എഴുതി: ഞാൻ കരുണ കണ്ടിട്ടാണു് മറിയം എഴുതിയതു് എന്ന മുണ്ടശ്ശേരിയുടെ സൂചന അവാസ്തവംകൂടിയാണല്ലോ; മറിയത്തിനുശേഷം മൂന്നോളം വർഷങ്ങൾ കഴിഞ്ഞിട്ടാണു് കരുണയുടെ ആവിർഭാവം എന്നു് എനിക്കു് തോന്നുന്നു. സൂക്ഷ്മവിവരം ധരിപ്പാൻ കഴിഞ്ഞില്ല. മാററൊലി മുഴുവനും ഒരാവത്തി വായിച്ചു; അതിൽ അനേകം അസാംഗത്യങ്ങൾ പററിപ്പോയിട്ടുണ്ടെന്നതു വ്യസനകരംതന്നെ. ഉള്ളൂരിനെക്കൊണ്ടു തുവൽ വെപ്പിക്കുമെന്നു് മുണ്ടശ്ശേരി പറഞ്ഞതായി ഒരു പ്രസ്താവമുണ്ടു്. ഇതു വാസ്തവമെങ്കിൽ നമ്മുടെ വി. എം. നായരെപ്പോലെ തന്നെ ഒരതിർ കടന്ന ഔദ്ധത്യമാണു് മുണ്ടശ്ശേരി പ്രകടിപ്പിച്ചതു്, എന്നുപറയേണ്ടിയിരിക്കുന്നു. ഒരേഴെട്ടുവർഷങ്ങൾക്കുമുമ്പു് വി. എം. നായർ, 'എന്റെ തുവലിനു മൂർച്ചകുറഞ്ഞിട്ടില്ല എന്നു കെ. എം. പണിക്കർ ധരിച്ചുകൊള്ളട്ടേ എന്നിങ്ങനെ നാലപ്പാടിനോടും മററും പറയുകയുണ്ടായതു സൂക്ഷ്മമായി ഞാൻ അറിയും. ഞാനപ്പോൾ മറുപടിപറഞ്ഞതും ഞാൻ ഇന്നും ഓർക്കുന്നുണ്ടു്.' 'വി. എം. നായരുടെ തുവലിനു മൂർച്ച കുറഞ്ഞിട്ടില്ലായിരിക്കാം, എന്നാൽ അതു കെ. എം. പണിക്കരുടെ യശസ്സിന്മേൽ ഒരു നേരിയ പോറൽപോലും തട്ടിക്കുവാൻ ശക്തമാകയില്ല എന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. മുണ്ടശ്ശേരിയുടെ അന്തരീക്ഷം എന്ന നിരൂപണഗ്രന്ഥം (കർണ്ണഭൂഷണം, സീത, അച്ഛനും മകളും) താൻ കണ്ടതായും (90-ാമത്തെ കത്തിൽ) വള്ളത്തോൾ സർദാറിനു് എഴുതി അറിയിച്ചിട്ടുണ്ടു്. 'ആ നിരൂപണഗ്രന്ഥം ഇന്നലെ ഇവിടെ കിട്ടി; ഞാൻ മുഴുവൻ വായിക്കുകയും ചെയ്തു. മാററൊലിപോലെ തന്നെയാണു്, ഈ പുസ്തകവും. ആക്ഷേപങ്ങൾ ഉണ്ടാകാം. ഉള്ളൂരിനെ കഴിയുന്നത്ര ഇടിച്ചിട്ടുണ്ടു്'. ആശാന്റെ ഒരു ന്യൂനത സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അതിനു് ഒരു സമാധാനം പറഞ്ഞു ഒഴിയുകയാണു ചെയ്തിരിക്കുന്നതു്. ഈ കത്തോലിക്കർക്കും ഈഴവർക്കും രസികത ഉണ്ടാകുന്ന കാലം ഏതോ! ഉള്ളൂരിന്റെ മികച്ച കൃതിയല്ല, കർണ്ണഭൂഷണം; ആശാന്റെ മികച്ച കൃതിയല്ല സീതയും. എന്നാൽ ആശാൻ കാളിദാസഭവഭൂതികളെക്കൂടി അതിവർത്തിച്ചിരിക്കുന്നുപോൽ! ''

ഈ കത്തുകൾമാത്രം വായിച്ചാൽ വള്ളത്തോളിന്റെ അഭിപ്രായത്തിൽ മികച്ച കൃതികൾ എഴുതിയവർ രണ്ടേരണ്ടുപേർമാത്രം. എഴുത്തു് എഴുതുന്ന ആളും മേൽവിലാസക്കാരനും. മുണ്ടശ്ശേരി, മാരാർ വി. എം. നായർ, നാലാപ്പാടൻ എന്നിവരെപ്പററി തെററായ ധാരണയുണ്ടാക്കാനുതകുന്നമട്ടിലായിട്ടുണ്ടു് ഒന്നിലധികം കത്തുകൾ. 96-ാമത്തെ കത്തിലെ ഒരു ഖണ്ഡിക ഇതാണു്. ''നാലാപ്പാടനോ വി. എം. നായരോ താങ്കളെക്കുറിച്ചു കല്യാണത്തിൽവെച്ചു യാതൊന്നും എന്നോടു് പറയുകയുണ്ടായില്ല. അവരുടെ വൈതാളികനായ മാരാർ എന്റെയടുക്കൽ വരികതന്നെയും ഉണ്ടായില്ല. മാരാരെക്കൊണ്ടു് താങ്കളുടെ നേരെ സന്ദർഭം വല്ലതുമുണ്ടാവുമ്പോഴൊക്കെ ഒളിയമ്പെയ്യിക്കാൻ നമ്മുടെ ഈ ചിരന്തന മിത്രങ്ങളിരുവരും ശ്രമിക്കുന്നുണ്ടെന്നതിൽ എനിക്കുസംശയമില്ല. മാരാർ എഴുതിയവയിൽ മിക്കതും താങ്കൾ കണ്ടിട്ടുണ്ടാകില്ലല്ലോ. കണ്ണുനീർത്തുള്ളിയുടെ രണ്ടാംപതിപ്പിനോ മറേറാ മാരാർ എഴുതിയ മുഖവുര തന്നെയും താങ്കൾ കാണാത്തതല്ലേ? അതിൽ താങ്കളേയും കേശവനേയും എന്നെയും അധിക്ഷേപിക്കുകയും അപഹസിക്കുകയും ഒളിവായി ചെയ്തിട്ടുണ്ടു്.'' ഈയിടയിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു പുസ്തകാഭിപ്രായത്തിൽ സംസ്കൃതം പഠിക്കണമെന്നു് ഉപദേശിക്കുന്നവർ ഒരുതരം ചതിയന്മാരാണെന്നു വിധിച്ചിരിക്കുന്നതു കണ്ടു. നമ്മുടെ സാഹിത്യശിരോമണി മാരാർ

# ടൂറിസവികസനത്തിൽ നമുക്കിനിയും ബഹുദൂരം സഞ്ചരിയ്ക്കേണ്ടതുണ്ട്.

നമുക്കഭിമാനിയ്ക്കാൻ വിശ്വവിഖ്യാതമായ കോവളം കടൽത്തീരമുണ്ടു്.
തേക്കടി വന്യമൃഗ സങ്കേതമുണ്ടു്.
മൂന്നാറും, പൊൻമുടിയും പീരുമേടും ഉണ്ടു്.

നമ്മുടെ പ്രകൃതി ദൃശ്യങ്ങൾ അസുലഭസുന്ദരങ്ങളാണു്.
നമ്മുടെ നാട്ടുകാർ വിദ്യാസമ്പന്നരും
ആതിഥ്യമര്യാദയുള്ളവരും ആണു്.

എന്നിട്ടും

ആഗോള വിനോദസഞ്ചാരികളിൽ ചെറിയൊരു
ശതമാനം മാത്രം ഇന്ത്യയിലെത്തുന്നു.
ഇതിൽ കേരളത്തിന്റെ പങ്കു കുറവാണു്.

കേരളത്തിന്റെ സാമ്പത്തികോന്നമനത്തിൽ ടൂറിസത്തിനു
മുഖ്യമായ പങ്കുവഹിക്കാൻ കഴിയും.

കേരള സർക്കാരിന്റെ ടൂറിസവികസന ശ്രമങ്ങൾക്കു്
ബഹുജനങ്ങളുടെ അനുഭാവപൂർണ്ണമായ
പങ്കാളിത്തമാവശ്യമാണു്.

**"നമ്മുടെ രാജ്യം സന്ദർശിക്കുന്ന ഓരോ വിദേശസഞ്ചാരിയേയും ബഹുമാന്യനായ അതിഥിയായി മാനിച്ചാദരിയ്ക്കുക."**

Issued by the Office of the Director, Tourist Department,
Park View, Trivandrum-1.

തന്നെ ...ണ് ആ ഉൽപ്പതിഷ്ണു നിരൂപകൻ. ഇയാൾക്ക് കണ്ണുനീർത്തുള്ളി, ചക്രവാളം മുതലായവ ഉപനിഷത്തുകളെക്കാൾ ഉൽകൃഷ്ടങ്ങളാണത്രേ.'' പാവം മാരാർ ! ശമ്പളംപോലെ അഞ്ചുറുപ്പിക വീതം കയ്യിൽ കിട്ടുന്നതിനു നന്ദിയെങ്കിലും കാണിച്ചു !

മുണ്ടശ്ശേരി വിരോധം വീണ്ടും ചില കത്തുകളിൽക്കൂടി തേട്ടിവരുന്നു. ''നമ്മുടെ മുണ്ടശ്ശേരിയുടെ മാനദണ്ഡം എന്ന നിരൂപണഗ്രന്ഥം കണ്ടുവോ? കാളിദാസതുല്യനായ ഒരു കവി കേരളത്തിലുണ്ടായിട്ടില്ലെന്ന കണ്ടുപിടുത്തമാണ് അതിലെ മുഖ്യവിഷയം. ഇതിന്നായി ഒരു പുസ്തകം എഴുതിത്തള്ളണമോ, ആവോ ഇതാർക്കാണറിഞ്ഞുകൂടാത്തത്? കാളിദാസ തുല്യൻ കേരളത്തിലുണ്ടായിട്ടുണ്ടെന്നു ആരെങ്കിലും തെററിദ്ധരിച്ചിട്ടുണ്ടോ, പറഞ്ഞിട്ടുണ്ടോ ? ഈ ചോദ്യമൊക്കെ ആരോടു ചോദിക്കേണ്ടു ? അയാൾ ഇല്ലാത്ത പൂർവ്വപക്ഷമുണ്ടാക്കി സിദ്ധാന്തം കൊണ്ടുവരാൻ തുനിഞ്ഞിരിക്കയാണ്. ! അയാളുടെ കാവ്യപീഠിക എന്നൊരു പുസ്തകവും ഇവിടെ അയച്ചുകിട്ടിയിട്ടുണ്ട്. സമയം വെറുതെ കളയാനുള്ള മടികൊണ്ട് വായിച്ചില്ല. മാനദണ്ഡം മുഴുവൻ വായിക്കുക എന്നൊരു ദൗർഭാഗ്യം എനിക്കു പിണയുകതന്നെ ചെയ്തു ! ഇയാളുടെ നിരൂപണവും ഔദ്ധത്യവും ദുർവ്വഹംതന്നെ.''

അടുത്ത കത്തിലും മാനദണ്ഡത്തിന്റെ മാറെറാലിയും അന്തരീക്ഷവും നിറഞ്ഞുനിൽപ്പുണ്ട്. ''നിരൂപക വീരനായ മുണ്ടശ്ശേരിയുടെ മാനദണ്ഡം, കാവ്യപീഠിക എന്നിവ കണ്ടില്ലേ ? ഞാൻ അവിടവിടെ ഒന്നോടിച്ചുനോക്കിയതേയുള്ളു, മാനദണ്ഡംപോലെയൊരു നിരൂപണഗ്രന്ഥം മലയാളത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്നു പ്രസിദ്ധനായ കുററിപ്പുഴ കൃഷ്ണപിള്ള മംഗളോദയത്തിൽ എഴുതിയിരിക്കുന്നതു കണ്ടു. 'കാവ്യപീഠിക'യും ഒരു നിസ്തുല്യ സാഹിത്യഗ്രന്ഥമാണെന്നു കുട്ടികൃഷ്ണമാരാർ മംഗളോദയത്തിൽ തന്നെ അഭിപ്രായപ്പെട്ടിരിക്കുന്നു.''

കൂടാതെ (140–141 കത്തുകളിൽ) ജി. ശങ്കരക്കുറുപ്പിനെപ്പററി വരുന്ന പരാമർശങ്ങളും വള്ളത്തോളിന്റെ തൂലികയിൽനിന്നാണെന്നു കേൾക്കുമ്പോൾ ദു:ഖിക്കാത്തവരുണ്ടാകില്ല. 144–ാമത്തെ കത്തിൽ പഴയ സംസ്കൃത ശ്ലോകങ്ങളുടെ അർത്ഥം ശരിക്കു മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടു സാഹിത്യചരിത്രത്തിൽ നിരവധി അബദ്ധങ്ങൾ ഉള്ളൂരിനെ പററിയുണ്ടെന്നും അതിന്റെ പകർപ്പവകാശം പതിനായിരം രൂപക്കു തിരുവിതാംകൂർ സർവ്വകലാശാലക്കാരുടെ തലയ്ക്കു കെട്ടിവെച്ചിരിക്കുകയാണെന്നും അർത്ഥംവരുന്ന പ്രസ്താവങ്ങളെപ്പററി എന്തുപറയാൻ ! മറെറാരു കത്തിൽ സമരാധ്യനായ പട്ടം താണുപിള്ള കത്തുകൾക്കു മറുപടിപോലും അയയ്ക്കാത്ത സാഹിത്യവിമുഖനാണെന്നും (കത്തുകൾ 156–157) മററും സ്വകാര്യക്കത്തായതുകൊണ്ട് എഴുതിപ്പോയതാകണം. ഒരാളെ ഉദ്ദേശിച്ച് ഒരു പ്രത്യേക പ്രതിസന്ധിയിൽ മഹാകവി എഴുതുന്ന കത്തുകൾ, പ്രസിദ്ധീകരിക്കുന്നത്, ആത്മകഥാ പ്രസിദ്ധീകരണത്തിന്റെ ഗുണംചെയ്യുമെന്നു പറഞ്ഞത് ഒരു സാഹസമായി എന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. കഥയില്ലായ്മയുടെ കത്തുകൾ മാത്രം.

ഒരുകാര്യം തീർച്ച. മഹാകവി വള്ളത്തോളും സർദാർ പണിക്കരും വലിയ കൂട്ടുകെട്ടിലായിരുന്നു. അതു പ്രസിദ്ധവുമാണ്. ഒരാൾക്ക് പണത്തിന് തിടുക്കം; മറേറയാൾക്കു കവിയാകാനാണ് കമ്പം. വള്ളത്തോൾ സ്വകാര്യകത്തിൽ എഴുതിയതെന്തുമാകട്ടെ, പ്രസിദ്ധീകൃതമായ കൃതികളിലൊന്നും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ, പന്തളം, ഉള്ളൂർ, ആശാൻ എന്നിവരെ അനുസ്മരിച്ച പംക്തികളിൽ സർദാർ പണിക്കരെ ഉൾപ്പെടുത്തി ആദരിച്ചതായറിവില്ല. ജവഹർലാൽ നെഹ്റുവിൽ നിന്നാകും കൂടുതൽ പ്രയോജനം വള്ളത്തോളിന് ലഭിച്ചിരിക്കുക; എന്നുവെച്ച് എന്റെ ഗുരുനാഥൻ എന്ന ശൈലിയിലൊന്നും നെഹ്റുവെ അനുസ്മരിച്ചതായറിവില്ല. മഹാകവിയ്ക്കാണെങ്കിൽ പണത്തിനു തിടുക്കം; കുടുംബഭാരം വലുത്. പരിചയത്തിൽ വലിയ ശമ്പളംപററി മഹാരാജാക്കന്മാർക്കും മാർവാഡികൾക്കും അഭിമതനായി ഉന്നതവിദ്യാഭ്യാസം നേടിയ ഒരുന്നതസ്ഥാനീയനെ പരിചയവലയത്തിൽ വീണുകിട്ടിയപ്പോൾ പരമാവധി പ്രയോജനപ്പെടുത്താമെന്നു വെച്ചു; പലവട്ടം അനുനയവാക്കുകൾ പ്രയോഗിച്ചെഴുതി. ഭൗതികതലത്തിൽ സഹായങ്ങൾകിട്ടി. പക്ഷെ തന്റെ ജീവിതത്തേക്കാൾ കൃതികൾക്കാണു ഗുണമെന്ന് വള്ളത്തോൾ ശരിക്കു മനസ്സിലാക്കിയതുകൊണ്ടുതന്നെയാവണം ആത്മകഥയെഴുത്തിനു മുതിരാഞ്ഞത്. സ്വന്തം കൃതികൾക്കു ആമുഖമെഴുതുന്ന പതിവുകൂടി വള്ളത്തോളിനുണ്ടായിരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ

വലുപ്പം. അതൊരുവശം, വള്ളത്തോളിന്റെ കേരളസങ്കല്പത്തിൽ ഇരുപുറവും കാത്തുകൊള്ളുന്നതു കുമാരിയും ഗോകർണ്ണേശനുമാണല്ലോ. കുമാരിയെ തമിഴനും ഗോകർണ്ണേശനെ കണ്ണാടകക്കാർക്കും കത്രിച്ചുകൊടുക്കുമാറുള്ള ഒരു കേരളസൃഷ്ടിയ്ക്കു കൂട്ടുനിന്നപ്പോൾ വള്ളത്തോളിന്റെ ആശയത്തോടു സർദാറിനുണ്ടായിരുന്ന ആഭിമുഖ്യത്തിന്റെ ആഴവും സ്പഷ്ടമായി. മഹാരാജാക്കന്മാരുടെ പൂട്ടറ തുറക്കാനുള്ള ഒരു സ്വർണ്ണത്താക്കോലായി സർദാറിനെ വള്ളത്തോൾ പ്രയോജനപ്പെടുത്തി എന്ന വസ്തുത വ്യക്തമാകുന്നുണ്ട്; സർദാറിൽനിന്നാവശ്യപ്പെട്ട പണമെല്ലാം സന്ധ്യവായ്പയായിട്ടായിരുന്നു; ഉറപ്പിനു പ്രമാണമെഴുതിക്കൊടുക്കാനും തവണകളായി തിരിച്ചുകൊടുക്കാനും മഹാകവി തയ്യാറായിരുന്നു എന്നതും ഈ ഗദ്യകത്തുകളിൽനിന്നു വെളിപ്പെടുന്നുണ്ട്. നാലപ്പാടൻ, വി. എം. നായർ, മാരാർ, പട്ടം, ഉള്ളൂർ, മുണ്ടശ്ശേരി എന്നിവരെപ്പററിയുള്ള പരാമർശങ്ങൾ കാര്യസാദ്ധ്യത്തിനുവേണ്ടിയുള്ള അനുനയവാക്കുകളായേ കണക്കാക്കാൻ വയ്ക്കു. നയതന്ത്രവിദഗ്ദ്ധനും കൊട്ടാരസചിവനുമായ ഒരു സുഹൃത്തിനെഴുതുന്നതിൽ പരദൂഷണത്തിന്റെ അംശം ചേക്കുന്നതു പ്രിയമായിരിക്കുമെന്നു ചിന്തിച്ചതിൽ അത്ഭുതപ്പെടാനില്ല. ദീപസ്തംഭം മഹാശ്ചര്യം എന്ന നമ്പ്യാരുടെ ശ്ലോകത്തെ ഓർമ്മപ്പെടുത്തുന്നതിനുപരി സാഹിത്യമൂല്യമോ ചരിത്രമൂല്യമോ ഈ കത്തുകളിൽ ഞാൻ കണ്ടില്ല. നെപ്പോളിയൻ ഒരു ഭരണാധികാരിയായിരുന്നു. ഭരണാധികാരികളുടെയും പുണ്യവാളന്മാരുടെയും കത്തുകൾക്കുള്ള പ്രാധാന്യം കവികളുടെ സ്വകാര്യകത്തുകൾക്കു കല്പിയ്ക്കുന്നതും കഥയില്ലായ്മയുടെ വകഭേദമല്ലേ ?


# സർവവിജ്ഞാനകോശം

ഏററവും നല്ല വിജ്ഞാനകോശത്തിനുള്ള ദേശീയ ബഹുമതിയും
രണ്ട് സംസ്ഥാന അവാർഡുകളും നേടിയ ഇന്ത്യയിലെ ഏററവും
മികച്ച റഫറൻസ് ഗ്രന്ഥം

6 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു.

6 വാല്യങ്ങളുടെ മുഖവില 480 രൂപ

ഒരുമിച്ചടച്ചാൽ 400 രൂപ

തവണവ്യവസ്ഥയിൽ വാല്യങ്ങൾ കരസ്ഥമാക്കാം

തവണവ്യവസ്ഥയിൽ 420 രൂപ

സ്കൂൾ അദ്ധ്യാപകർക്കും ഗ്രന്ഥശാലകൾക്കും 390 രൂപ

ഇന്നുതന്നെ 10 രൂപ അടച്ച് രജിസ്റ്റർ ചെയ്യുക

**സർക്കാർ ജീവനക്കാർക്കു് പ്രത്യേക സൗജന്യം**

പുസ്തകം ആദ്യം—പണം പിന്നീട്
20 രൂപ അടച്ച് രജിസ്റ്റർ ചെയ്യുക

മണിയോർഡർ/ഡിമാൻറ് ഡ്രാഫ്ററ്/പോസ്റ്റൽ ഓർഡർ.

അയയ്ക്കേണ്ട വിലാസം :

ഡയറക്ടർ
സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്,
തൈക്കാട്ട് തിരുവനന്തപുരം—14.